പതിമൂന്നാം കേരള നിയമസഭ

(ഒൻപതാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3403 24/06/13-ൽ മറുപടിക്ക്

**കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ : | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഫിഷറീസ്‌വകുപ്പ് മുഖേനയും മത്സ്യബന്ധന തുറമുഖ വകുപ്പ് മുഖേനയും നടപ്പിലാക്കുന്ന വിവിധ വികസന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (എ) **ഫിഷറീസ് വകുപ്പ്.** കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കൊയിലാണ്ടിയിൽ ആകെ 200.06 ലക്ഷം രൂപ അടങ്കൽ തുക വരുന്ന കുടിവെള്ള പദ്ധതി, സാനിട്ടേഷൻ, വൈദ്യുതീകരണം, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകി കഴിഞ്ഞു. ഇതുകൂടാതെ കോസ്റ്റൽ സോഷ്യൽ ഇൻഫ്രാസ്ട്രക്ച്ചറിൽ ഉൾപ്പെടുത്തി നിലവിലെ കൊയിലാണ്ടി പി.എച്ച്.സി.യ്ക്ക് പുതിയ കെട്ടിടം നിർമ്മിച്ച് നൽകുന്നു. ഇതിന് 20.52 ലക്ഷം രൂപയാണ് അടങ്കൽ തുക. കൂടാതെ സമഗ്ര തീരദേശ വികസന പദ്ധതി (ഐ.സി.എ.ഡി.പി.)യിൽ ഉൾപ്പെടുത്തി ചേമഞ്ചേരി,പയ്യോളി എന്നീ പഞ്ചായത്തുകളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി യഥാക്രമം 78.11 ലക്ഷം,86.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമേ പയ്യോളിയിൽ നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ സഹായത്തോടെ 115.63 ലക്ഷം രൂപയുടെ ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നു. കൂടാതെ കൊയിലാണ്ടി ഫിഷിംഗ് ഹാർബറിൽ 25 ലക്ഷം രൂപ അടങ്കൽ തുക വരുന്ന വിമൻ ഷെൽട്ടർ നിർമ്മിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമെ 13-ാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം കൊയിലാണ്ടി |

ഫിഷറീസ് സ്കൂളിന്റെ പുനരുദ്ധാരണത്തിനായി 135 ലക്ഷം രൂപയുടെ പദ്ധതിയും, നബാർഡിന്റെ ആർ.ഐ.ഡി.എഫ് ഫണ്ടിൽ ഉൾപ്പെടുത്തി ഇരിങ്ങലിൽ 7 ലക്ഷം രൂപയുടെ ഒരു ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും, പയ്യോളി പി.എച്ച്.സി. യിൽ ഐ.പി ബ്ലോക്ക് നിർമ്മിക്കുന്നതിനായി 123 ലക്ഷം രൂപയുടെ പദ്ധതിയും ഇരിങ്ങലിൽ ടെക്നിക്കൽ ഹൈസ്കൂൾ ഗ്രൗണ്ട് നിർമ്മാണത്തിനായി 17.00 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിച്ചു വരുന്നു.

**ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ്.**

1) കൊയിലാണ്ടി മത്സ്യബന്ധന തുറമുഖ പദ്ധതി നിർമ്മാണം.

2) കാപ്പാട്- കൊയിലാണ്ടി ഹാർബർ ബീച്ച് റോഡ് നിർമ്മാണം.

3) തീരദേശ റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തികൾ.

(ബി) ഓരോ പദ്ധതിയും ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

(ബി) **ഫിഷറീസ് വകുപ്പ്.**

കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പി.എച്ച്.സി. കെട്ടിട നിർമ്മാണത്തിനും ചേമഞ്ചേരി കുടിവെള്ള വിതരണ പദ്ധതിയുടെയും ടെണ്ടർ നടപടികൾ പുരഗോമിച്ചു വരുന്നു. കൊയിലാണ്ടി മത്സ്യഗ്രാമത്തിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിക്കും പയ്യോളി ആധുനിക മത്സ്യമാർക്കറ്റിനും അംഗീകാരം ലഭിക്കുകയും പ്രരംഭ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു കഴിഞ്ഞു. പയ്യോളി കുടിവെള്ള പദ്ധതികൾക്കായി പദ്ധതി രൂപീകരണ സമയത്ത് ഗ്രാമപഞ്ചായത്ത് നിർദ്ദേശിച്ച സ്ഥലമോ അനുയോജ്യമായ മറ്റു സ്ഥലമോ ഇതുവരെയും നിർമ്മാണ പ്രവർത്തനത്തിനായി കൈമാറിയിട്ടില്ലാത്തതിനാൽ പദ്ധതി ആരംഭിച്ചിട്ടില്ല. കൊയിലാണ്ടി വിമൻ

ഷെൽട്ടറിന്, ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് സ്ഥലം കൈമാറുന്ന മുറയ്ക്ക് ടെൻഡർ ചെയ്ത് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**1. ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ ധനസഹായ പദ്ധതി (2012-13).**

ഈ പദ്ധതിയിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ 39 മത്സ്യത്തൊഴിലാളികൾക്ക് രണ്ട് ലക്ഷം രൂപ 3 ഗഡുക്കളായി ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും അതിൽ 14 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ ഗഡുക്കളും കൈപ്പറ്റുകയുണ്ടായി. ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് അവർ ഓരോഘട്ടവും പൂർത്തികരിയ്ക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**2) മാതൃകാ മത്സ്യബന്ധന ഗ്രാമം- മത്സ്യത്തൊഴിലാളി ഭവന പദ്ധതി.**

**നിർമ്മാണ ധനസഹായ പദ്ധതി (2-ാം ഘട്ടം)**

ഈ പദ്ധതിയിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ 86 മത്സ്യത്തൊഴിലാളികൾക്ക് രണ്ട് ലക്ഷം രൂപ 3 ഗഡുക്കളായി ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് ഗുണഭോക്താക്കൾ ഉടമ്പടി പത്രം ഒപ്പ് വയ്ക്കുന്ന നടപടി നടന്നു വരുന്നു. അതിനുശേഷം സർക്കാർ മാനദണ്ഡമനുസരിച്ച് സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

**3) മത്സ്യത്തൊഴിലാളി സാനിട്ടേഷൻ പദ്ധതി (2012-13) (ജനറൽ)**

ഈ പദ്ധതിയിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ആകെ 57 ഗുണഭോക്താക്കൾക്ക് 17,500/- രൂപ രണ്ട് ഗഡുക്കളായി ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുന്ന തിന് ഉടമ്പടി പത്രം ഒപ്പുവയ്ക്കുകയും ആദ്യ ഗഡുവായ 10000/- രൂപ വീതം അനുവദിക്കുകയുമുണ്ടായി. അവസാന ഗഡുവായ 7500/- രൂപ സ്റ്റേജ് പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നമുറയ്ക്ക് അനുവദി ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു

**<u>ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ്</u>.**

കൊയിലാണ്ടി മത്സ്യബന്ധന തുറമുഖത്തിന്റെ ഭാഗമായ പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തി യായിട്ടുണ്ട്. വടക്കു ഭാഗത്തെ പുലിമുട്ട് 85 മീറ്റർ നീളത്തിൽ ദീർഘിപ്പിക്കുന്നതിനുള്ള എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. 6113 ലക്ഷം രൂപ അടങ്കൽ തുക വരുന്ന കോംപ്രിഹെൻസീവ് റിപ്പോർട്ടാണ് സമർപ്പിച്ചിട്ടുള്ളത്. ആയതിന് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതാണ്. ജെട്ടിയുടേയും, ലേലപ്പുര യുടേയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ റിക്ലമേഷൻ പ്രവൃത്തി പൂർത്തി യായിട്ടില്ല. പ്രാദേശിക പ്രശ്നങ്ങളും, റിക്ലമേഷന് വേണ്ടതായ മണ്ണും ലഭ്യമല്ലാത്തതിനാലാണ് റിക്ലമേഷൻ പ്രവൃത്തി പൂർത്തിയാക്കുവാൻ കഴിയാതെ വന്നത്. പുറത്തു നിന്നും മണ്ണ് കൊണ്ടുവന്ന് സ്ഥലം നികത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ശുദ്ധജല

വിതരണത്തിനാവശ്യമായ കിണർ, വാട്ടർ ടാങ്ക് എന്നിവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. റോഡുകൾ പാർക്കിംഗ് ഏരിയ, കാന്റീൻ, ഷോപ്പ് മുറികൾ, ടോയ്‌ലറ്റ്, ഗേറ്റ്, ഗേറ്റ് ഹൗസ്, ചുറ്റുമതിൽ തുടങ്ങിയ പ്രവൃത്തികൾ റിക്ലമേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിൽ മാത്രമേ സാധ്യമാവുകയുള്ളൂ.

2) കാപ്പാട്- കൊയിലാണ്ടി ഹാർബർ റോഡ് നിർമ്മാണ പ്രവൃത്തി പുരോഗതിയിലാണ്.

3) മുൻ സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ ഉദ്ദേശം 297.10 ലക്ഷം രൂപയുടെ തീരദേശറോഡ് പ്രവൃത്തികൾ പൂർത്തിയായി. 166 ലക്ഷം രൂപയുടെ റോഡ് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ റോഡുകളുടെ (ഉദ്ദേശം 303.12 ലക്ഷം രൂപ) പ്രവൃത്തി ആരംഭി ക്കുവാനുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

**വൈപ്പിൻ മണ്ഡലത്തിൽ ഉൾപ്പെടുന്ന മത്സ്യഗ്രാമങ്ങളിൽ വീട്, കക്കൂസ് എന്നിവ നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചവരുടെയും ഇനിയും നൽകുവാനുള്ളവരുടെയും എണ്ണം**

| ക്രമനമ്പർ | മത്സ്യഗ്രാമം | കക്കൂസ് — 13-ാം ധനകാര്യക്കമ്മീഷൻ ശുപാർശ 2012-13: ആകെ അനുവദിച്ച എണ്ണം | കക്കൂസ് — 13-ാം ധനകാര്യക്കമ്മീഷൻ ശുപാർശ 2012-13: ധനസഹായം നൽകിയവരുടെ എണ്ണം | കക്കൂസ് — 13-ാം ധനകാര്യക്കമ്മീഷൻ ശുപാർശ 2012-13: ധനസഹായം ഇനിയും നൽകാനുള്ളത് | വീടുകൾ — NFWF 2011-12: ആകെ അനുവദിച്ച എണ്ണം | വീടുകൾ — NFWF 2011-12: ധനസഹായം നൽകിയവരുടെ എണ്ണം | വീടുകൾ — NFWF 2011-12: ധനസഹായം ഇനിയും നൽകാനുള്ളത് | വീടുകൾ — 13-ാം ധനകാര്യക്കമ്മീഷൻ ശുപാർശ 2012-13: അനുവദിച്ച എണ്ണം |
|---|---|---|---|---|---|---|---|---|
| 1 | ചെറായി | 3 | 2 | 1 | 3 | 2 | 1 | 12 |
| 2 | മുനമ്പം | 1 | 1 | 0 | 3 | 2 | 1 | 12 |
| 3 | കുഴുപ്പിള്ളി | 2 | 2 | 0 | 3 | 3 | 0 | 12 |
| 4 | പഴങ്ങാട് | 3 | 2 | 1 | 2 | 1 | 1 | 8 |
| 5 | എടവനക്കാട് | 7 | 7 | 0 | 3 | 2 | 1 | 12 |
| 6 | നായരമ്പലം | 20 | 17 | 3 | 6 | 6 | 0 | 29 |
| 7 | ഞാറയ്ക്കൽ | 4 | 3 | 1 | 6 | 6 | 0 | 28 |
| 8 | എളങ്കുന്നപ്പുഴ | 6 | 5 | 1 | 3 | 3 | 0 | 12 |
| 9 | മാലിപ്പുറം | 6 | 5 | 1 | 2 | 2 | 0 | 8 |
| 10 | ഓച്ചൻതുരുത്ത് | 3 | 3 | 0 | 2 | 2 | 0 | 8 |
| 11 | അഴീക്കൽ | 2 | 0 | 2 | 1 | 1 | 0 | 4 |
| 12 | പള്ളിപ്പുറം | 2 | 0 | 2 | 3 | 3 | 0 | 16 |
| 13 | എറണാകുളം | 6 | 6 | 0 | 1 | 1 | 0 | 8 |
| 14 | അയ്യമ്പിള്ളി | 0 | 0 | 0 | 1 | 0 | 1 | 4 |
| | **ആകെ** | **65** | **53** | **12** | **39** | **34** | **5** | **173** |

സെക്ഷൻ ഓഫീസർ